**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2218** **09-02-2023 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക ലൈസൻസിന് പകരം സ്ഥിരം ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | താൽക്കാലിക ലൈസൻസിന്റെ അടിസ്ഥാനത്തിൽ വർഷങ്ങളായി റേഷൻ കടകൾ നടത്തിവരുന്ന തൊഴിലാളികൾക്ക് സ്ഥിരം ലൈസൻസ് നൽകുന്നതിനും അതിലൂടെ തൊഴിലാളികളുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | (എ) | കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021ലെ ഖണ്ഡിക 36(1) പ്രകാരം 6 മാസമാണ് താൽക്കാലിക ലൈസൻസികൾക്കുള്ള നിയമന കാലാവധിയെന്നും ടി ഉത്തരവിലെ ഖണ്ഡിക 36(2) പ്രകാരം ടി ലൈസൻസികൾക്ക് സ്ഥിര ലൈസൻസ് ലഭിക്കുന്നതിനു ഒരു അവകാശവാദവും ഉന്നയിക്കാൻ അനുവാദമില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നിലവിൽ വന്ന സമയത്ത് കേരള റേഷനിംഗ് ഓർഡർ, 1966 പരിഷ്കരണം, റേഷൻകട നവീകരണം എന്നീ കാരണങ്ങളാൽ സ്ഥിര ലൈസൻസി നിയമനം നിർത്തി വച്ചിരുന്നതിനാൽ താൽക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ ലൈസൻസ് കാലാവധി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പല പ്രാവശ്യം നീട്ടി നൽകുകയും തുടർന്ന് ടി കടകളുടെ പ്രവർത്തനത്തിൽ തൽസ്ഥിതി തുടരുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 പ്രകാരം താത്ക്കാലിക ലൈസൻസികളെ ഒഴിവാക്കുന്നതിന് തടസ്സങ്ങളൊന്നുമില്ലായെങ്കിലും അപ്രകാരമുള്ളവരിൽ പലരുടെയും ഏക ജീവനോപാധി റേഷൻ കടയാണെന്നതു പരിഗണിച്ചും വർഷങ്ങളായി ടി മേഖലയിലുള്ള അവരുടെ സേവനത്തെ മുൻനിർത്തിയും സ്ഥിരം ലൈസൻസ് അനുവദിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ